"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർ ശ്രീ. നമ്പിടി നാരായണന് വാഹനാപകടത്തിൽ പരിക്ക് പറ്റിയതിനെത്തുടർന്നുള്ള ചികിൽസക്കായി ചെലവായ തുക കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

**സ.ഉ.(സാധാ) നം.541/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/03/2020

---

പരാമർശം:- 1 കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റെ 17/07/2019 ലെ 34-ാം നം. തീരുമാനം.

2 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 25/07/2019- ലെ ഡി1/48223/19 നം. കത്ത്.

3 നഗരകാര്യ ഡയറക്ടറുടെ 03/01/2020 ലെ എൽ- 23060/19 നം. കത്ത്-

## ഉത്തരവ്

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർ ശ്രീ.നമ്പിടി നാരായണൻ എന്നവർക്ക് വാഹനാപകടത്തിൽ പരിക്ക് പറ്റിയതിനാൽ ചികിൽസക്കായി ചെലവായ 34,399/-രൂപ ചികിൽസാ സഹായമായി അനുവദിക്കണമെന്നാവശ്യപ്പെട്ട്, ചികിൽസാ സഹായത്തിനുള്ള അപേക്ഷ ചികിൽസാ രേഖകളുടെ അസൽ എന്നിവ സഹിതം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി. ആയത് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുമുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചികിൽസാ സഹായം അനുവദിക്കണമെന്ന കൗൺസിലറുടെ അപേക്ഷ, കോർപ്പറേഷൻ കൗൺസിലിന്റെ പരാമർശം (1) ലെ തീരുമാനം, നഗരകാര്യ ഡയറക്ടറുടെ ശിപാർശ എന്നിവ പരിഗണിച്ച്, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർ ശ്രീ.നമ്പിടി നാരായണന് വാഹനാപകടത്തിൽ പരിക്ക് പറ്റിയതിനെത്തുടർന്നുള്ള ചികിൽസക്കായി ചെലവായ 34,399/-രൂപ (മുപ്പത്തിനാലായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഒമ്പത് രൂപ മാത്രം) കോഴിക്കോട് കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

മേയർ/സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

ശ്രീ. നമ്പിടി നാരായണൻ, കൗൺസിലർ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ